(ബി) ഇവ ഓരോന്നും എന്ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(സി) ഇവയുടെ പണി വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടിയുണ്ടാകുമോ?

ഉത്തരം

(എ) പൊന്നാനി, മുതലപ്പൊഴി, കായംകുളം, തോട്ടപ്പള്ളി, തങ്കശ്ശേരി, വിഴിഞ്ഞം എന്നിവയാണ് പണിനടന്നുകൊണ്ടിരിക്കുന്ന ഹാർബറുകൾ.

(ബി) വിഴിഞ്ഞം, മുതലപ്പൊഴി, തങ്കശ്ശേരി, കായംകുളം എന്നീ ഫിഷിംഗ് ഹാർബറുകൾ 2005-2006-ലും പൊന്നാനി ഫിഷിംഗ് ഹാർബർ 2006-2007-ലും തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ 2007-2008-ലും പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കായിക താരങ്ങൾക്ക് സർക്കാർ ജോലി

106 [288] *ശ്രീ. എ. എൻ. രാജൻ ബാബു:*

" *ഉമേഷ് ചള്ളിയിൽ:*

" *കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകി എന്ന് വ്യക്തമാക്കുമോ;

(ബി) ഒട്ടനവധി കായിക താരങ്ങൾ സംസ്ഥാനത്തിനും രാജ്യത്തിനും വളരെയേറെ സംഭാവനകൾ ചെയ്തിട്ടും അർഹമായ സർക്കാർ ജോലി നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ വർഷവും കായിക താരങ്ങൾക്ക് അനുവദിച്ചിട്ടുള്ള കാര്യ ആതാത് വർഷം തന്നെ നികത്തുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമന ഉത്തരവ് നൽകിയിട്ടും ജോലിയിൽ പ്രവേശിക്കാതിരുന്നതുമൂലമുണ്ടായ 6 ഒഴിവുകളിലേക്ക് നിയമനം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. സ്പോർട്സ് കോട്ടാ നിയമനപ്രകാരം 84 കായിക താരങ്ങൾക്കും സന്തോഷ് ട്രോഫി ജേതാക്കളായ 4 പേർക്കും, ദേശീയ വനിതാ വോളിബോൾ മത്സരം ജയിച്ച കേരളാ ടീമിലെ 5 പേർക്ക് കെ.എസ്.ഇ.ബി.യിൽ ജോലി നൽകിയതുൾപ്പെടെ 93 പേർക്ക് ജോലി നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിവിധ തലങ്ങളിൽ ഇതിന് പരിഹാരമാർഗ്ഗങ്ങൾ ആരായുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) പരിഗണിച്ചുവരുന്നു.

കളിസ്ഥല വികസനം

107 [289] *ശ്രീ. എ. സി. മൊയ്തീൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സ്കൂളുകളുടെയും ഗ്രാമപഞ്ചായത്തുകളുടെയും കളിസ്ഥലങ്ങൾ വികസിപ്പിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്പോർട്സ് വകുപ്പിന്റെ പക്കലുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ വർഷം ഇത്തരം സഹായധനം നൽകാൻ പദ്ധതിയുണ്ടോ; എങ്കിൽ ഇവ ലഭിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഈ സ്ഥാപനങ്ങൾ ചെയ്യേണ്ടതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സർക്കാർ സ്കൂളുകളുടെയും ഗ്രാമപഞ്ചായത്തുകളുടെയും കളിസ്ഥലങ്ങൾ വികസിപ്പിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും കായിക യുവജനകാര്യ വകുപ്പിൽ നിന്നും സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലും ഇക്കാര്യത്തിന് ധനസഹായം നൽകുന്ന ഒരു പദ്ധതി നിലവിലുണ്ട്.

(ബി) ഉണ്ട്. 2005–2006 വർഷത്തെ ബഡ്ജറ്റിൽ 60 ലക്ഷം രൂപ ധനസഹായം നൽകുന്നതിനായി വകയിരുത്തിയിട്ടുണ്ട്. ധനസഹായം ലഭിക്കുന്നതിനുള്ള നിബന്ധനകളും സ്ഥാപനങ്ങൾ ചെയ്യേണ്ട കാര്യങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly